**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **08-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ തസ്തിക പുനർനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരവും തസ്തികകളും പുനർനിർണ്ണയിച്ച് 2020 ഏപ്രിലിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; വിശദാംശം നൽകുമോ; | (എ) | 01.04.2020 ലെ സ.ഉ.(കൈ)നം155/2020/ഉവിവ പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം പി ജി വെയിറ്റേജ് ഇല്ലാതെ ആഴ്ചയിൽ 16 മണിക്കൂർ ആയി നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത ഉത്തരവ് മൂലം തസ്തിക നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത ഉത്തരവിന് ശേഷം പുതിയ തസ്തികകൾ അനുവദിക്കുന്നതിനും നിലവിലുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും 16 മണിക്കൂർ ജോലിഭാരം ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവ് മൂലം നിലവിലുള്ള അദ്ധ്യാപകരുടെ ജോലി നഷ്ടമാവില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട് |
| (സി) | പ്രസ്തുത ഉത്തരവിന്റെ പ്രത്യാഘാതം പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ ആരൊക്കെയാണ് അംഗങ്ങളെന്നും സമിതിയുടെ ശിപാർശകൾ എന്തൊക്കെയെന്നും വിശദമാക്കുമോ; | (സി) | സമിതിയെ നിയോഗിച്ചിട്ടുണ്ട്.<br><br>ഡോ.ഡി.കെ. സതീഷ്, പ്രൊഫ. കെ.എസ്. ജയചന്ദ്രൻ, ഡോ. കെ.പി. സുകുമാരൻ നായർ എന്നിവരായിരുന്നു അംഗങ്ങൾ. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ; | (ഡി) | സമിതിയെ നിയോഗിച്ചിട്ടുണ്ട്.<br><br>ഡോ.ഡി.കെ. സതീഷ്, പ്രൊഫ. കെ.എസ്. ജയചന്ദ്രൻ, ഡോ. കെ.പി. സുകുമാരൻ നായർ എന്നിവരായിരുന്നു അംഗങ്ങൾ. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | 2020 ഏപ്രിലിലെ സർക്കാർ ഉത്തരവ് മൂലം നഷ്ടമായ തസ്തികകൾക്ക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നപക്ഷം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകൾ സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ നിയമനത്തിന് നിലവിലുള്ള ഉയർന്ന |

| | | | |
|---|---|---|---|
| | | | പ്രായപരിധി സംബന്ധിച്ച നിബന്ധന ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ